**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1683** **04-02-2026 - ൽ മറുപടിയ്ക്ക്**

**ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഭക്ഷ്യ കാർഷികോൽപാദനത്തിൽ സ്വാശ്രയത്വം വളർത്തുക, മണ്ണും ജലവും സംരക്ഷിക്കുക, കാർഷിക ജൈവവൈവിധ്യവും സസ്യ ജൈവവൈവിധ്യവും സംരക്ഷിക്കുക, കൃഷി–കന്നുകാലി പരിപാലനം–മത്സ്യകൃഷി–കോഴി/താറാവ് വളർത്തൽ–തേനീച്ച വളർത്തൽ എന്നിവ ഉൾപ്പെടുന്ന മിശ്രിത കൃഷി പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്ക് ഊന്നൽ നൽകുന്നു. ഇതിന്റെ ഭാഗമായി, സംസ്ഥാനത്ത് സുരക്ഷിത ഭക്ഷണം ഉറപ്പാക്കുക, മെച്ചപ്പെട്ട ആരോഗ്യം കൈവരിക്കുക, കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനുള്ള ശക്തമായ ഇടപെടലുകൾ നടപ്പിലാക്കുക എന്നിവ ലക്ഷ്യമാക്കി ഒരു സംഘടിത സംവിധാനമായി **ജൈവ കാർഷിക മിഷൻ** രൂപീകരിച്ചിട്ടുണ്ട്.<br><br>ജൈവ കാർഷിക മിഷന്റെ ആദ്യ ഘട്ടത്തിൽ ജൈവ കൃഷിത്തോട്ട മാതൃകകൾ സൃഷ്ടിക്കുകയും തുടർന്ന് ഓരോ വർഷവും കുറഞ്ഞത് 10,000 ഹെക്ടർ ജൈവ കൃഷി വ്യാപിപ്പിച്ചുകൊണ്ട് അഞ്ച് വർഷത്തിനുള്ളിൽ കുറഞ്ഞത് 50,000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിക്കുവാനാണ് മിഷൻ്റെ പ്രവർത്തനങ്ങൾ മുഖേന ലക്ഷ്യമിടുന്നത്.<br><br>എല്ലാ ജില്ലകളിലും നിലവിൽ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും, ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി, നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാർമിംഗ് എന്നീ പദ്ധതികളെ സംയോജിപ്പിച്ച് കൊണ്ട് ജൈവ കൃഷി / പ്രകൃതി കൃഷി പ്രവർത്തനങ്ങൾ നടന്ന് വരുന്നു.<br><br>A) **ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി**<br><br>ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയുടെ ഭാഗമായി എൻ.പി.ഒ.പി സർട്ടിഫിക്കേഷൻ (ഫാം |

സ്കോപ്പ് സർട്ടിഫിക്കേഷൻ, പ്രോസസ്സിംഗ് സ്കോപ്പ്, ട്രെയ്ഡ് സ്കോപ്പ്, മഷ്റൂം സ്കോപ്പ്) സംസ്ഥാനത്ത് കൃഷി വകുപ്പ് മുഖാന്തിരം കർഷകർക്ക് നൽകി വരുന്നു. ഉത്തമ കൃഷി മുറകൾ പാലിച്ച് കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകരെ/കൃഷി കൂട്ടായ്മകളെ ക്ലസ്റ്ററുകളാക്കി പരിശീലന പരിപാടി/ ഉത്പാദനോപാധികളുടെ സംഭരണം/സസ്യ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ/ പോഷക പരിപാലന രീതികൾ/ പച്ചിലവങ്ങളുടെ ഉപയോഗവും സ്വീകാര്യതയും മെച്ചപ്പെടുത്തൽ, എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ജൈവ ഉല്പന്നങ്ങളുടെ വിപണന സൗകര്യം ഒരുക്കുന്നതിനും, ജൈവസാക്ഷ്യപത്രം ലഭിച്ച ഉല്പന്നങ്ങൾക്ക് 10% പ്രൈസ് ഇൻസെൻറീവ് നൽകുന്നതിനും, ജൈവ ഉത്പന്നങ്ങളുടെ വിപണനത്തിനായി ലോജിസ്റ്റിക് സൗകര്യം ഒരുക്കുന്നതിനും, Keralagro-Organic, Keralagro-Green എന്നീ ഉപ ബ്രാൻഡുകളിൽ വിപണനം നടത്തുന്നതിനും, മണ്ണിര കംമ്പോസ്റ്റ് യൂണിറ്റുകൾ ഉൾപ്പെടെയുള്ള ജൈവ ഉല്പാനദോപാധികളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും, ബയോഗ്യാസ് പ്ലാന്റുകൾക്കു അധിക പിന്തുണ നൽകുന്നതിനും 600 ലക്ഷം രൂപ ഈ പദ്ധതിയിൽ വകയിരുത്തുകയും, ആയതിൽ 210 ലക്ഷം രൂപ ആദ്യ ഗഡുവായി ലഭിച്ചതിൽ 204.03910 ലക്ഷം രൂപ ഉപയോഗിച്ച് കഴിഞ്ഞിട്ടുണ്ട്.

B) **ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി (BPKP)**

ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി മുഖേന സംസ്ഥാനത്തു 14 ജില്ലകളിലായി 82000 ഹെക്ടർ വിസ്തൃതിയിൽ 164 ക്ലസ്റ്ററുകളിലായി ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 164 ക്ലസ്റ്ററുകൾ വഴിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപയും വീതം ധനസഹായമായി നൽകുന്നു. അങ്ങനെ ആകെ 62.22 ലക്ഷം രൂപ ടി പദ്ധതി പ്രകാരം ഓരോ ക്ലസ്റ്ററിനും നൽകുന്നുണ്ട്.

പദ്ധതിയുടെ ഭാഗമായി കർഷകർക്ക് എക്സ്പോഷർ വിസിറ്റ്, കപ്പാസിറ്റി ബിൽഡിംഗ് പരിശീലനം, കിസാൻ മേള പോലുള്ള പ്രോത്സാഹന പ്രചരണ പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിന്

വേണ്ടി മോഡൽ പ്ലോട്ടുകളും, അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിന് പ്ലോട്ടുകളും, പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങളും നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലെ ഗ്രൂപ്പുകൾക്ക് കീടനാശിനി, വിഷാംശ അവശിഷ്ട പരിശോധന നടത്തുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ മൂന്നാം വർഷം കർഷകർക്ക് അവരുടെ ജൈവ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് കർഷകർ അംഗങ്ങളായ ഗ്രൂപ്പുകൾക്ക് PGS India Organic സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു. ആയതിൽ 51145.18 ഹെക്ടറിലെ 157365 കർഷകർ അംഗങ്ങളായ 2655 ഗ്രൂപ്പുകൾക്ക് PGS Green സർട്ടിഫിക്കറ്റ് നാളിതുവരെ നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി ആകെ Rs.6852.02667 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ആയതിൽ Rs.6250.44403 ലക്ഷം രൂപ ഉപയോഗിച്ച് കഴിഞ്ഞിട്ടുണ്ട്.

C) **കേരള മോഡൽ ഉത്തരവാദിത്ത പ്രകൃതി കൃഷി ഉപമിഷൻ (KMRNF)**

രാസവളങ്ങളും കീടനാശിനികളും പോലുള്ള കൃത്രിമ ഉൽപ്പന്നങ്ങളുടെ ഉപയോഗം പൂർണമായും ഒഴിവാക്കി, മണ്ണിന്റെ ജൈവിക പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുന്നതിനായി ജൈവ ഉത്തേജകങ്ങൾ, വിള വൈവിധ്യവൽക്കരണം, ജൈവ വസ്തുക്കളുടെ പുനഃചംക്രമണം എന്നിവ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യങ്ങൾ മുൻനിർത്തി കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ സംസ്ഥാനത്ത് നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF) പദ്ധതിയുടെ ഭാഗമായി**കേരള മോഡൽ ഉത്തരവാദിത്ത പ്രകൃതി കൃഷി ഉപമിഷൻ (KMRNF),** കേരളത്തിൽ നടപ്പിലാക്കി വരുന്നു. 14 ജില്ലകളിലായി 50 ഹെക്ടർ വീതം വിസ്തൃതിയുള്ള 102 ക്ലസ്റ്ററുകളിലായി 5100 ഹെക്ടർ വിസ്തൃതിയിൽ പ്രകൃതി കൃഷി നടപ്പിലാക്കി വരുന്നു. പ്രകൃതികൃഷി കൂടുതൽ കർഷകരിലേക്ക് എത്തിക്കുന്നതിന് പരിശീലനപരിപാടികൾ നടത്തി വരുന്നു,കൂടാതെ പ്രകൃതി കൃഷിയ്ക്കായുള്ള ഉല്പാദനോപാധികൾ നിർമ്മിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട BRC (Bio-Input Resource Centreകൾപ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്.

ആദ്യ ഗഡുവായി ലഭിച്ച 424.02 ലക്ഷം രൂപ ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി 143.34 ലക്ഷം രൂപ ലഭ്യക്കുകയും ആയത്

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് വിജയകരമായി വിനിയോഗിച്ച് വരുന്നുണ്ട്.<br><br>വി.എഫ്.പി.സി.കെ മുഖേന ജൈവ കൃഷി പ്രോത്സാഹനവുമായി ബന്ധപ്പെട്ട് കർഷകർക്ക് ആവശ്യാനുസരണം ഉൽപാദനോപാധികൾ ലഭ്യമാക്കുന്നതിന് കൗൺസിൽ ആസ്ഥാനത്ത് ഒരു ജൈവ വള ജൈവ കീടനാശിനി ഉല്പാദനയൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ജൈവവളം, ജീവാണുവളം, വളർച്ചാ ത്വരകങ്ങൾ, ജൈവകീടനാശിനികൾ എന്നിവയടങ്ങുന്ന സസ്യ സംരക്ഷണ ഉല്പാദനോപാധികൾ ഈ യൂണിറ്റിൽ ലഭ്യമാണ്. പാലക്കാട് ജില്ലയിൽ, അയിലൂരിലുള്ള ബയോകൺട്രോൾ ലാബിൽ നിന്നുള്ള ട്രൈകോഡെർമ, സ്യൂഡോമോണസ് തുടങ്ങിയ ഉൽപ്പന്നങ്ങൾ ജൈവകൃഷിയ്ക്ക് പ്രയോജനപ്രദമാകും. കൗൺസിലിന്റെ എറണാകുളം,തിരുവനന്തപുരം, കാസർഗോഡ് എന്നീ ജില്ലകളിലെ കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതികൾ എന്നിവ വഴി ഈ ജൈവഉൽപ്പന്നങ്ങൾ ലഭ്യമാക്കിവരുന്നു.<br><br>എറണാകുളം ജില്ലയിൽ കാക്കനാട് നിർമ്മാണം പൂർത്തീകരിച്ചു വരുന്ന ബ്രാൻഡഡ് ഔട്ട് ലെറ്റിൽ ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് പ്രത്യേക സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| (ബി) | ഇതിലൂടെ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കാമോ? | (ബി) | ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും, ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി (BPKP), നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF) നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF) പദ്ധതിയുടെ ഭാഗമായി കേരള മോഡൽ ഉത്തരവാദിത്ത പ്രകൃതി കൃഷി ഉപമിഷൻ (KMRNF), തുടങ്ങിയ പദ്ധതികളുടെ ഏകോപിത പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് ആയിരക്കണക്കിന് ഹെക്ടർ സ്ഥലത്ത് ജൈവ/പ്രകൃതി കൃഷി വ്യാപിപ്പിക്കാൻ സാധിച്ചു. ഇതുവഴി രാസവള–രാസകീടനാശിനി ആശ്രിത കൃഷിയിൽ നിന്ന് പരിസ്ഥിതി സൗഹൃദ കൃഷിയിലേക്കുള്ള മാറ്റം കൈവരിച്ചിട്ടുണ്ട്.<br><br>രാസവിഷാംശ അവശിഷ്ട പരിശോധന, സർട്ടിഫിക്കേഷൻ സംവിധാനം എന്നിവ വഴി ഉപഭോക്താക്കൾക്ക് സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷ്യവസ്തുക്കൾ ലഭ്യമാകുന്ന സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ജൈവവളങ്ങൾ, പച്ചിലവളങ്ങൾ, മണ്ണിര കംപോസ്റ്റ്, ബയോ ഇൻപ്പുട്ടുകൾ എന്നിവയുടെ വ്യാപക ഉപയോഗം മണ്ണിന്റെ ജൈവകാർബൺ അളവ് വർധിപ്പിക്കുകയും ജലസംരക്ഷണത്തിന് സഹായകമാകുകയും ചെയ്യിട്ടുണ്ട്.<br><br>പരമ്പരാഗത വിളകൾ, നാടൻ വിത്തുകൾ, മിശ്രിത കൃഷിരീതികൾ എന്നിവ പ്രോത്സാഹിപ്പിച്ചതിലൂടെ കാർഷിക ജൈവവൈവിധ്യം സംരക്ഷിക്കാനും പുനരുജ്ജീവിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.<br><br>എക്സ്പോഷർ വിസിറ്റുകൾ, കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾ, കിസാൻ മേളകൾ, മാതൃക കൃഷിത്തോട്ടങ്ങൾ എന്നിവ വഴി കർഷകർക്ക് ആധുനിക ജൈവ/പ്രകൃതി കൃഷി അറിവുകളും പ്രായോഗിക നൈപുണ്യങ്ങളും ലഭിച്ചിട്ടുണ്ട്.<br><br>ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള സമീപനം കർഷക കൂട്ടായ്മകൾ രൂപപ്പെടുന്നതിനും പരസ്പര സഹകരണത്തിലൂടെഉൽപ്പാദനം, സംസ്കരണം, വിപണനം എന്നിവ ശക്തിപ്പെടുത്തുന്നതിനും സഹായകമായി. BRC കൾ, മണ്ണിര കംപോസ്റ്റ് യൂണിറ്റുകൾ, ബയോഗ്യാസ് പ്ലാൻ്റുകൾ എന്നിവ സ്ഥാപിച്ചതിലൂടെ ജൈവ ഉൽപ്പാദനോപാധികളുടെ പ്രാദേശിക ലഭ്യത വർധിക്കുകയും ചെയ്യിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ